# ആസ്ഥാനകാര്യാലയം, ജയിൽവകുപ്പ്, കേരളം

**<u>നടപടികൾ</u>**

വിഷയം : ജയിലുകൾ- എല്ലാ ജയിൽ സ്ഥാപനങ്ങളിലും അയാപ്സ് പ്രിസൺസ് നടപ്പിലാക്കുന്നത്- ഉത്തരവുകൾ പുറപ്പെടുവിക്കുന്നു.

പരാമർശം : 30/12/2015 ലെ ഇതേ നമ്പർ ഉത്തരവ്

**<u>ഉത്തരവ് നമ്പർ. P4-13134/2015/PrHQ; തീയതി : 16-03-2016</u>**

പരാമർശത്തിലെ ഉത്തരവ് പ്രകാരം താഴെപ്പറയുന്ന ഉദ്യോഗസ്ഥരെ ജയിൽ വകുപ്പിൽ നടപ്പിലാക്കുന്ന ഇ-ഫയൽ മാനേജ്മെന്റ് സംവിധാനം - അയാപ്സ് പ്രിസൺസിസ്റ്റ്റെ [ iAPS (internal administrative processing system) for Prisons) മാസ്റ്റർ ട്രയിനർമാർ ആയി നിയോഗിച്ചിരുന്നു.

1. ശ്രീ.സി.ആർ.ഷിജു, ഡെപ്യൂട്ടി പ്രിസൺ ഓഫീസർ, സ്പെഷ്യൽ സബ് ജയിൽ, മൂവാറ്റുപുഴ
2. ശ്രീ.ജോയ്.പി.ബി, അസ്സിസ്റ്റൻറ്റ് പ്രിസൺ ഓഫീസർ, തുറന്ന ജയിൽ, നെട്ടുകാൽത്തേരി
3. ശ്രീ.മനു മധുസൂദനൻ, അസ്സിസ്റ്റൻറ്റ് പ്രിസൺ ഓഫീസർ, സിക്ക, തിരുവനന്തപുരം
4. ശ്രീ.ഷിനോജ്.എ.കെ, അസ്സിസ്റ്റൻറ്റ് പ്രിസൺ ഓഫീസർ, സെൻട്രൽ പ്രിസൺ, കണ്ണൂർ

നിലവിൽ ജയിൽ ആസ്ഥാന കാര്യാലയത്തിലും തിരുവനന്തപുരം സെൻട്രൽ പ്രിസണിലും മാത്രമാണ് പ്രസ്തുത സംവിധാനം ആരംഭിച്ചിട്ടുള്ളത്. ആയത് മറ്റ് ജയിൽ സ്ഥാപനങ്ങളിലും കൂടി നടപ്പിലാക്കേണ്ടതായിട്ടുണ്ട്. ആയതിലേക്കായി മാസ്റ്റർ ട്രയിനർമാരുടെ സേവനം അത്യാവശ്യമാണ്. പ്രസ്തുത സാഹചര്യത്തിൽ, ഇതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന ഉത്തരവുകൾ പുറപ്പെടുവിക്കുന്നു.

1. എല്ലാ ജയിൽ സ്ഥാപനങ്ങളിലും അയാപ്സ് നടപ്പിലാക്കുന്നതുവരെ പ്രസ്തുത ഉദ്യോഗസ്ഥരെ നിലവിൽ നിർവ്വഹിക്കുന്ന ജോലികളിൽ നിന്ന് ഒഴിവാക്കികൊണ്ട് ഉത്തരവ് പുറപ്പെടുവുക്കുന്നു.
2. ടി ഉദ്യോഗസ്ഥർ നിലവിൽ നിർവ്വഹിക്കുന്ന ജോലികൾ ചെയ്യുന്നതിന് പകരം സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ അതാത് മേഖലാ ഡി.ഐ.ജിമാർ കൈക്കൊള്ളേണ്ടതാണ്.
3. മാസ്റ്റർ ട്രയിനറായ ഡെപ്യൂട്ടിപ്രിസൺ ഓഫീസർ ശ്രീ.സി.ആർ.ഷിജു മുട്ടം ജില്ലാ ജയിലുമായി ബന്ധപ്പെട്ട് ഇപ്പോൾ നിർവ്വഹിച്ചുകൊണ്ടിരിക്കുന്ന ചുമതലകൾ തുടർന്നും വഹിക്കേണ്ടതാണ്.
4. ജയിൽ ഉദ്യോഗസ്ഥർക്ക് 'അയാപ്സ്' ട്രയിനിംഗ് നൽകുന്നതിനും എല്ലാ ജയിൽ സ്ഥാപനങ്ങളിലും 'അയാപ്സ്' നടപ്പിലാക്കുന്നതിനുമുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിനും ഏകോപിപ്പിക്കുന്നതിനും 'അയാപ്സ് പ്രിസൺസ്' ടെക്നിക്കൽ കോ-ഓർഡിനേറ്റർ ആയ വെൽഫെയർ ഓഫീസർ ശ്രീ.വി.എസ്.സുമന്തിനെ ചുമതലപ്പെടുത്തുന്നു. പദ്ധതി പുരോഗതി റിപ്പോർട്ട് ഓരോ ആഴ്ച കൂടുമ്പോൾ ഇൻസ്പെക്ടർ ജനറൽ ഓഫ് പ്രിസൺസിന് സമർപ്പിക്കേണ്ടതാണ്.

ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ്
കറക്ഷണൽ സർവീസസ് നു വേണ്ടി

സ്വീകർത്താവ് : 1) ഡി.ഐ.ജി ഓഫ് പ്രിസൺസ്
ഉത്തരമേഖല / മദ്ധ്യമേഖല / ദക്ഷിണ മേഖല
2) മാസ്റ്റർ ട്രയിനർമാർ (ബന്ധപ്പെട്ട സ്ഥാപന മേധാവികൾ മുഖാന്തിരം)
3) ശ്രീ.വി.എസ്.സുമന്ത്, വെൽഫെയർ ഓഫീസർ ഗ്രേഡ്-II
സെൻട്രൽ പ്രിസൺ, തിരുവനന്തപുരം

P4-13134/2015/PrHQ 888d93

പകർപ്പ് : എല്ലാ ജയിൽ സ്ഥാപന മേധാവികൾക്കും

ഉത്തരവിൻ പ്രകാരം

ഇൻസ്പെക്ടർ ജനറൽ ഓഫ് പ്രിസൺസ്